കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആസ്തി വികസനം - തലശ്ശേരി നിയോജകമണ്ഡലം - ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ(സാധാ)നം.2645/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 31.07.2017.**

വായന :-
1) 11/06/2012-ലെ സ.ഉ (അച്ചടി) 332/12/ധന നമ്പർ ഉത്തരവ്
2) ~~3/6/2014-ലെ 54/14/ധന നം. സർക്കുലർ.~~
3) കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ഡിവിഷണൽ എഞ്ചിനീയറുടെ 12/06/2017, 14/06/2017 എന്നീ തീയതികളിലെ KAIC/TVM/378, KAIC/TVM/386 നമ്പർ കത്തുകൾ
4) ശ്രീ. എ. എൻ. ഷംസീർ എം.എൽ.എ യുടെ 12/06/2017,14/06/2017 എന്നീ തീയതികളിലെ കത്തുകൾ

**ഉത്തരവ്**

തലശ്ശേരി നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.എ.എൻ.ഷംസീർ എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും തലശ്ശേരി നിയോജക മണ്ഡലത്തിലെ അഞ്ച് വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നടത്തിപ്പിലേയ്ക്കായി ആകെ അടങ്കൽ തുകയായ 20,00,000/- രൂപയുടെ ഭരണാനുമതി ലഭിക്കുന്നതിന് മുകളിൽ മൂന്നാമതായി വായിച്ച കത്തുകൾ പ്രകാരം കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലശ്ശേരി നിയോജക മണ്ഡലത്തിലെ അഞ്ച് വിവിധ് സ്ഥലങ്ങളിൽ ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ എന്ന പ്രവൃത്തിയ്ക്ക് ആകെ അടങ്കൽ തുകയായ 20,00,000/- രൂപയ്ക്ക് (ഇരുപതു ലക്ഷം രൂപാ മാത്രം) വകുപ്പ സംബന്ധമായ നടപടിക്രമങ്ങളും മുകളിൽ ഒന്നാമതായി വായിച്ച സർക്കാർ ഉത്തരവും പാലിക്കണമെന്ന വ്യവസ്ഥയോടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു. ടി പ്രവൃത്തി കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ മുഖേന നിർവ്വഹണം നടത്താവുന്നതാണ്. ടി പ്രവൃത്തിയുടെ ആവർത്തന പരിപാലന ചെലവുകൾ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനം വഹിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച ചെലവ് '4515-00-800-96-പ്രോജക്ട്സ് അണ്ടർ എൽ . എ . സി - എ . ഡി . എസ് ' എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൻ.വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ശ്രീ. എ. എൻ. ഷംസീർ എം.എൽ.എ (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ഡിവിഷണൽ എഞ്ചിനീയർ, കെ.എ.ഐ.സി, തിരുവനന്തപുരം
സെക്രട്ടറി, ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (അനൗദ്യോഗിക കത്ത്നം.1105613/എൻ.സി.സി.3/942/2017/ധന തീയതി 17.07.2017)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ